കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അയിരൂർ ഗ്രാമപ്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2018-19

## കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല

e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

**ഭരണഭാഷ-മാതൃഭാഷ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645
ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com
തീയതി: 10.12.2019

കെ.എസ്.എ.പിറ്റിഎ.പി8/1010/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
അയിരൂർ ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: അയിരൂർ ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിരൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.റ്റി.എ.പി8/1010/19 തീയതി. 10.12.2019

## പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

### (1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.01.2019 മുതൽ 17.11.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും വിവിധ അക്കൗണ്ടുകളിൽ നിന്നും 31.03.2019 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | പി.കെ.വിജയലക്ഷ്മി<br>ഡെപ്യൂട്ടി ഡയറക്ടർ |
| | |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2019 മുതൽ 27.11.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രദീപ്കുമാർ എൻ., ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അരുൺ എസ്.നായർ അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.യു.എസ്.സുനിൽകുമാർ, ഓഡിറ്റർ |
| | ശ്രീമതി അശ്വതി വി.നായർ, ഓഡിറ്റർ |

## ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. തോമസ്സ് തമ്പി | 01.04.2018-03.02.2019 |
| | ശ്രീ. ടി.ടി. തോമസ്സ് കുട്ടി | 04.02.2019-31.03.2019 |
| സെക്രട്ടറി | ശ്രീ.രാജൻ.റ്റി | 01.04.2018-25.06.2018 F.N. |
| | ശ്രീ.ആർ.ശ്രീകുമാർ | 25.06.2018 A.N.-06.08.2018 |
| | ശ്രീ.ഹരികുമാർ.ബി | 07.08.2018-19.08.2018 |
| | ശ്രീ.എ.ജി അനിൽകുമാർ | 20.08.2018-31.03.2019 |

| **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
|---|---|---|
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസ്സിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി രാജവല്ലി.എൻ.എസ് | 01.04.2018-08.11-2018 |
| | ശ്രീമതി ബിന്ദു.എസ്.കരുണാകരൻ | 09.11.2018-24.12-2018 |
| | ശ്രീ.ജോൺസി ജോർജ്ജ് | 24.12.2018-31.03.2019 |
| കൃഷി ഓഫീസർ | ശ്രീ.ജോർജ് വി.തോമസ് | 01.04.2018-31.03.2019 |
| വെറ്റിനറി സർജൻ | ശ്രീമതി സൂസൻ ജോസഫ് | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ജ്യോതീന്ദ്രൻ | 01.04.2018-06.03.2019 |
| | ഡോ. ഹരികൃഷ്ണൻ | 07.03.2019-31.03.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ലീലാ എസ്. | 01.04.2018-21.09.2018 |
| | ഡോ.രേഖ പി.ആർ (അഡി.ചാർജ്) | 22.09.2018 – 30.09.2018 |
| | ഡോ.പ്രഭാത് എ. | 01.10.2018-15.03.2019 |
| | ഡോ.രേഖ പി.ആർ (അഡി.ചാർജ്) | 16.03.2019-31.03.2019 |

| | | |
|---|---|---|
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഹരികുമാർ.ബി | 01.04.2018-31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അജി.വി | 01.04.2018-31.03.2019 |
| | ശ്രീമതി രമ്യ | 01.04.2018-31.03.2019 |
| ICDS സൂപ്പർവൈസർ | ശ്രീമതി ഉഷാ.കെ.കെ | 01.04.2018-31.03.2019 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി സി.ശ്യാമലത | 01.04.2018-31.03.2019 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ഷീബ | 01.04.2018-31.03.2019 |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രസീതുപരിശോധനയിൽ കണ്ട അപാകതകൾ | 1-12 |
| 13 | ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-14 |
| 15 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു | 1-15 |
| 16 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 1-16 |
| 17 | കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 1-17 |
| 18 | മുറിച്ചുമാറ്റിയ തേക്ക് മരത്തിന്റെ ലേലം - ഓഡിറ്റ് നിർദ്ദേശം പരിഗണിച്ചില്ല | 1-18 |

| | | |
|---|---|---|
| 19 | ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കൾ അളന്ന് പേരിൽക്കൂട്ടിയില്ല | 1-19 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ തുടർനടത്തിപ്പിന് മോണിറ്ററിംഗ് ഇല്ല | 1-20 |
| 21 | തെരുവുവിളക്കുകളുടെ മെയിന്റനൻസ് - സുതാര്യത വർദ്ധിപ്പിക്കുന്നതിന് നടപടികൾ അനിവാര്യം | 1-21 |
| 22 | അങ്കണവാടിക്കെട്ടിടങ്ങളുടെ വാടക നൽകുന്നില്ല | 1-22 |
| 23 | അഗതി രഹിത കേരളം പദ്ധതി -അവലോകനം | 1-23 |
| 24 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി IT ഉപകരണങ്ങളുടെ വാങ്ങൽ നടത്തി | 1-24 |
| 25 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 1-25 |
| 26 | മാലിന്യ നിർമ്മാർജ്ജനം- യൂസർ ഫീ കളക്ഷൻ പൂർണ്ണമല്ല | 1-26 |
| | **ഭാഗം 2** | |
| | **വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ**<br>(ഇല്ല) | |
| | **ഭാഗം 3** | |
| | **ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ (ഇല്ല)** | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 27 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 28 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബീലൈഷേൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 31 | വായ്പാ വായ്പാ തിരിച്ചടവ് | 4-5 |
| 32 | സ്ഥിരനിക്ഷേപം | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 35 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 15.03.2018-തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 25.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 16.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2838474 |
| വരവ് | 67335429 |
| ആകെ | 70173903 |
| ചെലവ് | 56105972 |
| നീക്കിയിരിപ്പ് | 14067931 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ്/ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 15281000 | 15281000 | 15255358 | 25642 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 2237000 | 2237000 | 1715813 | 521187 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 91000 | 91000 | 86424 | 4576 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 7014000 | 7014000 | 6979552 | 34448 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3153000 | 3153000 | 2576871 | 576129 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 7091000 | 7091000 | 5369869 | 1721131 |
| സാക്ഷരത | | 105487 | | 105487 | 0 | 105487 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 8606919 | 8606919 | 8606919 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3769 | 300114 | 303883 | 300424 | 3459 |
| ഐ.സി.ഡി.എസ്(സെൻട്രൽ ഷെയർ) | | 501688 | 185575 | 687263 | 433424 | 253839 |
| ടോട്ടൽ സാനിട്ടേഷൻ പ്രോഗ്രാം(TSP) | | 525550 | 0 | 525550 | 0 | 525550 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 120000 | 2651421 | 2771421 | 1902840 | 868581 |
| | ജില്ലാ പഞ്ചായത്ത് | 715000 | 2405558 | 31205558 | 857025 | 2263533 |
| ബി ഫണ്ട് | | | 3120 | 3120 | 3120 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3273077 | 14420764 | 17693841 | 13233391 | 4460450 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഫണ്ട്) | 463573 | 9741435 | 10205008 | 4703976 | 5501032 |
| മറ്റിനം (പൈക്ക) | | 370000 | 0 | 0 | 0 | 370000 |
| ശുചിത്വമിഷൻ ഗ്രാന്റ് | | 0 | 2003080 | 2003080 | 160000 | 1843080 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 204 | 70714373 | 146 | 39726186 | - | 58 | 71.57 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3769 | 300114 | 303883 | 300424 | 3459 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 8606919 | 8606919 | 8606919 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3120 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 26392600 | 2082 |
| വിധവാപെൻഷൻ | 2794700 | 208 |
| വാർദ്ധക്യകാലപെൻഷൻ | 9415600 | 786 |
| വികലാംഗപെൻഷൻ | 3452900 | 276 |
| അവിവാഹിതരായ സ്ത്രീകൾ – 50 വയസ്സിന് മുകളിൽ പ്രായമുള്ളവർ | 390000 | 30 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2019- തീയതിയിൽ 2.45 പി.എം.ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27103/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലുണ്ടായ അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ സ്വന്തം വസ്തുക്കളിൽ കൈയ്യേറ്റം ഉണ്ടോയെന്ന് പരിശോധിക്കുന്നതിനും അവ റവന്യൂ വകുപ്പ് മുഖേന അളന്ന് തിരിച്ച് പേരിൽക്കൂട്ടുന്നതിനും യാതൊരു നടപടിയും ഇതേവരെ സ്വീകരിക്കപ്പെട്ടിട്ടില്ല.
2. മുൻവർഷങ്ങളിലും 2018-19 ലും കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഭൂജല അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികൾ മുഖേന ഒട്ടേറെ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ്

ചെയ്തിട്ടുണ്ടെങ്കിലും അവയുടെ പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയിട്ടില്ല.

3. തെരുവുവിളക്കുകളുടെ മെയിന്റനൻസിന്റെ വിവിധ ഘട്ടങ്ങളിൽ കെ.എസ്.ഇ.ബിയുടെ മേൽനോട്ടം ഉപയോഗപ്പെടുത്തുന്നില്ല.
4. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നില്ല.

മേൽസൂചിപ്പിച്ച അപാകതകളുടെ പരിഹാരനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2019-23.09.2019 | 04/19-08/19 | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.11.2017-06.12.2017 | 2013-14-2016-17 | 22.01.2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളുടെ പരിശോധനയിൽ ചൂണ്ടിക്കാണിച്ചിരുന്ന അപാകതകളിന്മേൽ പരിഹരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

- സാംഖ്യ, സഞ്ചയ എന്നിവയിലെ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-12 രസീതുപരിശോധനയിൽ കണ്ട അപാകതകൾ

രസീതുബുക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കും വിതരണം ചെയ്യുന്ന രസീതുബുക്കുകൾ സ്റ്റോക്ക് രജിസ്റ്റർ മുഖേന കൈപ്പറ്റുന്നുണ്ടെങ്കിലും ടി രസീതുബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, ആർക്കാണ് വിതരണം ചെയ്തിരിക്കുന്നത് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ( ഉദാ.ബുക്ക് നം.38725, 25914)
2. നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ( ഉദാ.ബുക്ക് നം.38725,25913)

മേൽസൂചിപ്പിച്ച പ്രകാരമുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു

വസ്തുനികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, അയിരൂർ ശാഖയിൽ 37201030783 നമ്പരായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ വസ്തുനികുതിയ്ക്കുള്ള സഞ്ചയ ഓൺലൈൻ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയ തീയതി | തുക | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|
| 11.06.2018 | 2813 | 21.06.2018 |
| 01.12.2018 | 2763 | 12.12.2018 |
| 05.01.2019 | 1185 | 18.01.2019 |
| 06.02.2019 | 4310 | 19.02.2019 |
| 07.02.2019 | 11902 | 19.02.2019 |
| 20.02.2019 | 6664 | 08.03.2019 |
| 15.03.2019 | 1213 | 30.03.2019 |

| | | |
|---|---|---|
| 18.03.2019 | 2778 | 01.04.2019 |
| 29.03.2019 | 10483 | 09.04.2019 |

ഈ സാങ്കേതിക പിഴവ് മൂലം സാംഖ്യ അക്കൗണ്ടിംഗ് പ്രകാരമുള്ള കണക്കുകളും സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. 18.03.2019 മുതൽ 31.03.2019 വരെയുള്ള തീയതികളിൽ ഇപ്രകാരം അടവാക്കിയ തുകകൾ 01.04.2019, 09.04.2019 എന്നീ തീയതികളിലായാണ് പഞ്ചായത്തിൽ ലഭ്യമായത്. പരിഹാര നടപടികൾക്കായി ഈ വിഷയം പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇതനുസരിച്ച് 500 രൂപ നിരക്കിൽ ടവറുകളുടെ വസ്തുനികുതി 2013 വർഷം പുനർ നിർണ്ണയിച്ചിട്ടുണ്ടെങ്കിലും എല്ലാ ടവർ ഉടമകളിൽ നിന്നും പുതുക്കിയ നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല. വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറുകളുടെ വിവരം | വാർഡ് നം./ കെട്ടിട നം. | പ്ലിന്ത് ഏരിയ (ച.മീ) | നികുതി തുക(രൂ) | നികുതി ഈടാക്കാത്തതിന്റെ വിവരം |
|---|---|---|---|---|---|
| 1 | വിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 12/90 A | 41.9 | 18855 | 2014 ഒന്നാം അർദ്ധവർഷം മുതൽ ഈടാക്കിയിട്ടില്ല |
| 2 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 13/23 | 41.27 | 24762 | 2018 ഒന്നാം അർദ്ധവർഷം മുതൽ ഈടാക്കിയിട്ടില്ല |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.08/23.11.2019) മറുപടിയായി ടി മൊബൈൽ ടവർ ഉടമകൾക്ക് ആർ.ആർ.നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വസ്തുനികുതി ഈടാക്കിയ ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും)ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത്, 100ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഇപ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ 2018-19 വർഷം നികുതി നിർണ്ണയിച്ച താഴെപ്പറയുന്ന ഒരേ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്.

<u>28.10.2011 ലെ തീരുമാനം നമ്പർ 4(1) പ്രകാരം നിശ്ചയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക്</u>

(വാണിജ്യാവശ്യത്തിനുള്ളവ ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ)

100 ച.മീ. വരെ വിസ്തീർണ്ണമുള്ളവ - 45 രൂപ 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ളവ - 60 രൂപ

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | ശ്രീ.പ്രദീപ് മണ്ണൂർ താഴത്തേതിൽ അയിരൂർ | 13/482 A | 27.03 | 45 | 60 |
| | | 13/482 B | 27.03 | | |
| | | 13/482 C | 27.03 | | |
| | | 13/482 D | 27.03 | | |
| | **ആകെ** | | **108.12** | | |
| 2 | ശ്രീ.ബാബു.സി.ജേക്കബ് ചക്കുംചിറ, തടിയൂർ | 1/477 A | 19.82 | 45 | 60 |
| | | 1/477 B | 18.39 | | |
| | | 1/477 C | 20.89 | | |
| | | 1/477 D | 52.81 | | |
| | **ആകെ** | | **111.91** | | |
| 3 | ശ്രീ. സണ്ണി എബ്രഹാം ചരുവിൽ , തടിയൂർ | 1/127 A | 18.05 | 45 | 60 |
| | | 1/127 B | 54.12 | | |
| | | 1/127 C | 19.46 | | |
| | | 1/127 D | 18.05 | | |
| | **ആകെ** | | **109.68** | | |

മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/23.11.2019) മറുപടിയായി, സഞ്ചയയിൽ മാറ്റം വരുത്തി നികുതി പുനർനിർണ്ണയിച്ചശേഷം തുക അടവാക്കാൻ ഉടമസ്ഥന് നോട്ടീസ് നൽകുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയശേഷം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിക്കുന്നതിന് തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയും തുടർനിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

## 1-16 തൊഴിൽനികുതി പിരിവിലെ അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ആയത് പാലിക്കുന്നതിൽ ഓഡിറ്റ് വർഷം ഉണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കോറ്റാത്തൂർ, മെഡികെയർ ഹോസ്പിറ്റൽ,തടിയൂർ, ദേവസ്വം ബോർഡ്, പുതിയകാവ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.
2. പഞ്ചായത്ത് പരിധിയിലുള്ള 16 റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
3. നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനായി എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ നോട്ടീസ് നൽകുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടില്ല.

തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/23.11.2019) മറുപടിയായി ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതും സ്ഥാപന ഉടമകളിൽ നിന്നും സ്ഥാപനത്തിലെ തൊഴിലാളികളുടെ വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങുന്നതിന്റെ അടിസ്ഥാനത്തിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുഖേന മേൽനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലേക്ക് ധനകാര്യസ്റ്റാന്റിംഗ്കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. ശ്രീ കെ.വി. രവീന്ദ്രനാഥൻ നായർ
2. ശ്രീ കൊച്ചുമോൻ പി. ജെ.
3. ശ്രീ സതീഷ് കുമാർ വി
4. ശ്രീ റ്റി. ജി. ദിവാകരൻ നായർ
5. ശ്രീ കെ. ജെ. വിജയകുമാർ
6. ശ്രീ ബെന്നി സാം
7. ശ്രീ ബാലചന്ദ്രൻ നായർ എം വി
8. ശ്രീ ഹരിഹരൻ എം
9. ശ്രീ മനോജ് കുമാർ നായർ
10. ശ്രീ അനിൽ വി വർഗീസ്
11. ശ്രീ നിതിൻ ജോസഫ് തോമസ്
12. ശ്രീ എ. ജി. രാജ്മോഹൻ നായർ
13. ശ്രീ രാഹുൽ രാജ് ബി
14. ശ്രീ രഞ്ജിത്ത് ചന്ദ്രൻ
15. ശ്രീ.ജയിംസ് എബ്രഹാം
16. ശ്രീ ശ്രീകുമാരൻ നായർ

മേൽപ്പറഞ്ഞ വ്യക്തികൾ സമീപ പഞ്ചായത്തുകളിൽ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി വ്യക്തികളിൽനിന്ന് നിയമാനുസൃതം തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 മുറിച്ചുമാറ്റിയ തേക്ക് മരത്തിന്റെ ലേലം- ഓഡിറ്റ് നിർദ്ദേശം പരിഗണിച്ചില്ല.

സ്കൂൾ കെട്ടിടത്തിനും കുട്ടികൾക്കും ഭീഷണിയായി അയിരൂർ ഗവ.എൽ.പി.എസ്. പരിസരത്ത് നിന്നിരുന്ന തേക്ക് മരം പഞ്ചായത്ത് ഭരണസമിതിയുടെ 28.03.2015-ലെ തീരുമാനപ്രകാരം മുറിച്ചു മാറ്റിയിരുന്നു. എന്നാൽ മരം മുറിച്ചുമാറ്റി നാളിതുവരെയായിട്ടും ആയത് ലേലം ചെയത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. 2016-17, 2017-18 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രസ്തുത വിഷയം ചൂണ്ടികാണിച്ചിരുന്നെങ്കിലും നാളിതുവരെ ലേല നടപടികൾ പൂർത്തിയാക്കാതെയിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത മരത്തടികൾ സ്കൂൾ പരിസരത്ത് കിടന്ന് നശിച്ച് പോകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ടി തടിയുടെ ലേലവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണസമിതി മുഖേന സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണക്കുറിപ്പിന് (നം.17/27.11.2019) മറുപടി ലഭിച്ചില്ല. വനം വകുപ്പിൽ നിന്നും 149557 രൂപ വില നിശ്ചയിച്ച ടി തടികൾ ലേലം ചെയ്യുന്നതിന് അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത് നിലവിലെ സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ എന്നിവരുടെ ബാധ്യതയാകുന്നതാണ്.

## 1-19 ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കൾ അളന്ന് പേരിൽകൂട്ടിയില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കൾ റവന്യൂ വകുപ്പ് മുഖേന അളന്ന് പേരിൽക്കൂട്ടിയിട്ടില്ല. ആസ്തിരജിസ്റ്റർ പ്രകാരം ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വസ്തുവിന്റെ വിവരണം | ഭൂവിസ്തൃതി (ആസ്തി രജിസ്റ്റർ പ്രകാരം) | സർവ്വെ നമ്പർ (ആസ്തി രജിസ്റ്റർ പ്രകാരം) |
|---|---|---|---|
| 1 | വാർഡ് 13 അനശ്വര മഹിളാസമാജം | 4 Are 84 Sq.m | രേഖപ്പെടുത്തിയിട്ടില്ല |
| 2 | ഗവ. എൽ.പി.എസ്, അയിരൂർ | 29 Are 72 sq.metre | 70 / 03 |
| 3 | പഞ്ചായത്ത് സ്റ്റേഡിയം | 1 Hectre 27 Are 60 sq.metre | രേഖപ്പെടുത്തിയിട്ടില്ല |
| 4 | കമ്മ്യൂണിറ്റി സെന്റർ, കുന്നേട്ടുകര | 20 Are 80 Sq.metre | രേഖപ്പെടുത്തിയിട്ടില്ല |
| 5 | കൃഷിഭവൻ | 4 Are 30 Sq.metre | 411/ 12 |
| 6 | വാനപ്പുരം | 22 Sq.metre | രേഖപ്പെടുത്തിയിട്ടില്ല |
| 7 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് | 7 Are 20 Sq.metre | 228/5 |
| 8 | ഗവ.എൽ.പി.എസ്, അയിരൂർ | 25 Are 60 Sq.metre | രേഖപ്പെടുത്തിയിട്ടില്ല |
| 9 | കൃഷിഭവൻ കെട്ടിടം | 3 Are 55 Sq.metre | |
| 10 | പാലം ജംഗ്ഷൻ വെയിറ്റിംഗ് ഷെഡ് | 28 Sq.metre | |
| 11 | വാലംപടി വെയിറ്റിംഗ്ഷെഡ് | 30 Sq.metre | |
| 12 | വാർഡ് 6, അംഗൻവാടി നമ്പർ 63, പ്ലാങ്കമൺ | 85 Sq.metre | |
| 13 | എൽ.പി.സ്കൂൾ, വെള്ളിയറ, പ്ലാങ്കമൺ | 1 Are 60 Sq.metre | |
| 14 | വാർഡ് 11, മൃഗാശുപത്രിക്കെട്ടിടം | 1 Are 98 Sq.metre | |
| 15 | വാർഡ് 10, നീലംപ്ലാവ് വെയിറ്റിംഗ്ഷെഡ് | 19 Sq.metre | |
| 16 | കേമറ്റത്തുംപടി വെയിറ്റിംഗ് ഷെഡ് | 7 Sq.metre | |
| 17 | വാർഡ് 5 , അംഗൻവാടി നമ്പർ 62, പ്ലാങ്കമൺ | 34 Sq.metre | |
| 18 | ഹെൽത്ത് സെന്റർ, പ്ലാങ്കമൺ | 74 Sq.metre | |
| 19 | വാർഡ് 9, അംഗൻവാടി നമ്പർ 72 | 46 Sq.metre | |
| 20 | കമ്മ്യൂണിറ്റി സെന്റർ | 2 Are | |
| 21 | എസ്.സി. കോമൺ ഫെസിലിറ്റി സെന്റർ | 2 Are | |
| 22 | വാർഡ് 15, അംഗൻവാടി നമ്പർ 78 | 46 Sq.metre | |
| 23 | വാർഡ് 7, അംഗൻവാടി ഇടപ്പാവൂർ | 45 Sq.metre | |
| 24 | ഫാമിലി ഹെൽത്ത് സെന്റർ | 90 Sq.metre | |
| 25 | വാർഡ് 14, ഗവ. SVLPS, പൂത്തേഴം | 9 Are 91 Sq.metre- | |
| 26 | ഇടപ്പാവൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 70 Sq.metre | |
| 27 | ഇടപ്പാവൂർ സാംസ്കാരിക | 20 Sq.metre | |

| | | | |
|---|---|---|---|
| | നിലയം, ഏലപ്പൂഴിയ്ക്കൽ ലക്ഷംവീട് കോളനി | | |
| 28 | അംഗൻവാടി നമ്പർ 59 | 72 Sq.metre | |
| 29 | വാർഡ് 11, വെയിറ്റിംഗ് ഷെഡ് | 16 Sq.metre | |
| 30 | ഗവ. മോഡൽ എൽ.പി.എസ്, തടിയൂർ | 44 Are 47 Sq.metre | |
| 31 | വാർഡ് 3, ടി.വി. സെന്റർ, ഞൂഴൂർ | 31 Sq.metre | |
| 32 | ഐ.എച്ച്.ഡി.പി ടി.വി. സെന്റർ | സർവ്വേ നമ്പർ, ഭൂവിസ്തൃതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല | |
| 33 | അംഗൻവാടി നംപർ 70 | -ടി- | |
| 34 | അംഗൻവാടി നമ്പർ 71 | 2 Are | രേഖപ്പെടുത്തിയിട്ടില്ല |
| 35 | വാർഡ് 6, എൽ.പി.സ്ക്കൂൾ കോമ്പൗണ്ട്, പ്ലാങ്കമൺ | 20 Are | |
| 36 | അംഗൻവാടി, പ്ലാങ്കമൺ | 42 Sq.metre | |
| 37 | വാർഡ് 11, പൊതുസ്ഥലത്ത് കെട്ടിടം<br>(ഏത് ആവശ്യത്തിന് എന്ന രേഖപ്പെടുത്തിയിട്ടില്ല) | 10 Are 24 Sq.metre | |
| 38 | കൊല്ലക്കാട്ട് മണ്ണിൽപ്പടി കിണർ | 24 Sq.metre | |
| 39 | ഇടത്തറമൺ ജംഗ്ഷൻ കിണർ | 24 Sq.metre | |
| 40 | നീലപ്പാവ് പമ്പ് ഹൗസ് കോമ്പൗണ്ട് | 40 Sq.metre | |
| 41 | വടക്കേടത്ത് പടി കിണർ | 22 Sq.metre | |
| 42 | ഉടുങ്കാമല്ലപ്പടി കിണർ | 24 Sq.metre | |
| 43 | പുത്തേത്ത് പടി മരുതേത്ത് പടി കിണർ | 24 Sq.metre | |
| 44 | കുളത്തുങ്കൽപ്പടി കിണർ | 24 Sq.metre | |
| 45 | പ്ലാന്തോട്ടത്തിൽപ്പടി കുളം | 1 Are 40 Sq.metre | |
| 46 | വാർഡ് 5, പ്ലാങ്കമൺ അംഗൻവാടി കോമ്പൗണ്ട് | 2 Are 24 Sq.metre | |
| 47 | ഹെൽത്ത് സെന്റർ | 10 Are 12 Sq.metre | |
| 48 | പ്ലാങ്കമൺ മലക്കോട്ട് കിണർ | 24 Sq.metre | |
| 49 | പൊടിപ്പാറ കിണർ | 20 Sq.metre | |
| 50 | കരിംപ്ലാന്നിൽ കിണർ | 22 Sq.metre | |
| 51 | വാർഡ് 4, തുണ്ടിവേലിത്തറ വാട്ടർ ടാങ്ക | 17 Sq.metre | |
| 52 | കപ്പമൂട്ടിൽ വാട്ടർ ടാങ്ക് | 20 Sq.metre | |
| 53 | വാർഡ് 9, അംഗൻവാടി | 60 Sq. metre | |
| 54 | കുളത്തുങ്കൽ കുളം | 2 Are 20 Sq.metre | |
| 55 | മുക്കന്നൂർ പുതിയകാവ് | 22 Sq.metre | |

| | | | |
|---|---|---|---|
| | ജംഗ്ഷനിൽ കമ്മ്യൂണിറ്റി ഹാൾ | | |
| 56 | സാംസ്ക്കാരിക നിലയം | 2 Are | |
| 57 | ലക്ഷംവീട് കോട്ടത്തൂർ കിണർ | 24 Sq.metre | |
| 58 | വാർഡ് 15, അംഗൻവാടി നമ്പർ 78 | 1 Are 6 Sq.metre | |
| 59 | ആൽത്തറ ജംഗ്ഷനിൽ കിണർ | 22 Sq.metre | |
| 60 | കാലായിൽപ്പടി ഭാഗത്ത് കിണർ | 24 Sq.metre | |
| 61 | ഞുഴുവേലിൽപ്പടി ഭാഗത്ത് കിണർ | 20 Sq.metre | |
| 62 | ചിറ്റോത്ത്പടി ഭാഗം (സ്ഥലത്തുള്ള ആസ്തി ഏത് എന്ന് രേഖപ്പെടുത്തിയിട്ടില്ല) | 22 Sq.metre | |
| 63 | തൂണ്ടിൽപ്പടി ഭാഗത്ത് കിണർ | 20 Sq.metre | |
| 64 | ഞുന്നംതറ ഭാഗത്ത് കിണർ | 20 Sq.metre | |
| 65 | പേഴുർചാൽ ഭാഗത്ത് കിണർ | 20 Sq.metre | |
| 66 | ചേനക്കാലപടി ഭാഗത്ത് കിണർ | 20 Sq.metre | |
| 67 | ആനമലപ്പടിഭാഗത്ത് കിണർ | 20 Sq.metre | |
| 68 | തോട്ടുപുറത്ത് ഭാഗത്ത് കിണർ | 20 Sq.metre | |
| 69 | തോട്ടത്തിൽപ്പടി ഭാഗത്ത് കിണർ | 22 Sq.metre | |
| 70 | ഏലപുഴിക്കൽ ഭാഗത്ത് കിണർ | 21 Sq.metre | |
| 71 | മണ്ണിൽപ്പടി ഭാഗത്ത് കിണർ | 22 Sq.metre | |
| 72 | ചിറപ്പുറം ഭാഗത്ത് കിണർ | 21 Sq.metre | |
| 73 | അഞ്ചുപങ്ക് ഭാഗത്ത് കിണർ | 22 Sq.metre | |

മുൻവർഷങ്ങളിലെ പദ്ധതികൾ പ്രകാരം വിവിധ അംഗൻവാടികൾക്കും 8-ാം വാർഡിൽ വായനശാലയ്ക്കുമായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയൊന്നുംതന്നെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | നടപ്പാക്കിയ പദ്ധതിയുടെ പേര് | കെട്ടിടനിർമ്മാണത്തിനായി പ്രസ്തുത വർഷം ചെലവഴിച്ച തുക |
|---|---|---|
| 2013-14 | SO149/14 71-ാം നമ്പർ അംഗൻവാടിക്കെട്ടിട നിർമ്മാണം | 529690 |
| 2014-15 | SO168/15 59-ാം നമ്പർ അംഗൻവാടിക്കെട്ടിട നിർമ്മാണം | 496031 |
| -ടി- | SO169/15 87-ാം നമ്പർ അംഗൻവാടിക്കെട്ടിട നിർമ്മാണം | 515429 |
| -ടി- | SO195/15 67 -ാം നമ്പർ അംഗൻവാടിക്കെട്ടിട | 328573 |

| | | |
|---|---|---|
| | നിർമ്മാണം | |
| 2015-16 | SO206/16 63-ാം നമ്പർ അംഗൻവാടിക്കെട്ടിട നിർമ്മാണം | 195896 |
| 2016-17 | SO41/17 69-ാം നമ്പർ അംഗൻവാടിക്കെട്ടിട നിർമ്മാണം | 172396 |
| -ടി- | SO47/17 8-ാം വാർഡിൽ വായനശാല നിർമ്മാണം | 318404 |

ഗ്രാമപ്പഞ്ചായത്തുകളുടെ അധീനതയിലുള്ള ആസ്തികളുടെ പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 8.11.2018 ലെ സി2- 15471/18 നംപരായി പഞ്ചായത്ത് ഡയറക്ടർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തികളുടെ യഥാർത്ഥ സ്ഥാനവും വിസ്തീർണ്ണവും നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പിന്റെ സഹായം സെക്രട്ടറിമാർക്ക് തേടാവുന്നതാണ് എന്നും എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ആസ്തി രജിസ്റ്റർ കൃത്യമാക്കണമെന്നും പ്രസ്തുത സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് / വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനും എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറുമായി ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി 2 മാസത്തിൽ 1 പ്രാവശ്യം യോഗം ചേർന്ന് തുടർനടപടികൾ സ്വീകരിക്കണമെന്നും ടി സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഗ്രാമപ്പഞ്ചായത്തിൽ ഇപ്രകാരം ഒരു സമിതി രൂപീകരിക്കുകയോ ആസ്തി പരിപാലനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല. ഈ വിഷയം സംബന്ധിച്ച് 22.11.2019 ൽ 5 -ാം നമ്പരായും 27.11.19 ൽ 14 -ാം നമ്പരായും നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭിച്ചില്ല. പഞ്ചായത്തിന്റെ സ്വന്തം വസ്തുക്കളിൽ കൈയ്യേറ്റം ഉണ്ടോയെന്ന് പരിശോധിക്കുന്നതിനും അവ അളന്ന് തിരിച്ച് പേരിൽക്കൂട്ടുന്നതിനും യാതൊരു നടപടിയും ഇതേവരെ സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കൃത്യമാക്കേണ്ടതും മേൽസൂചിപ്പിച്ചപ്രകാരം സമിതി അടിയന്തിരമായി രൂപീകരിച്ച് ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ തുടർനടത്തിപ്പിന് മോണിറ്ററിംഗ് ഇല്ല

കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഭൂജല അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികൾ മുഖേന 2012-13 മുതൽ 2018-19 വർഷം വരെ ഒട്ടേറെ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും അവയുടെ പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | ഡെപ്പോസിറ്റ് ചെയ്ത തുക | വർഷം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | കാവുംമുക്ക് - പുലിപ്പാറത്തടം സെറ്റിൽമെന്റ് കോളനി മിനി വാട്ടർസപ്ലൈ സ്കീം SO 161/13 | 300000 | 2012-13 | കേരള വാട്ടർ അതോറിറ്റി |
| 2 | ചക്കിട്ടത്തറയിൽ - തടത്തിൽത്തറയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO191/13 | 65000 | -ടി- | -ടി- |
| 3 | അയിരൂർ- പുതിയ കുടിവെള്ള പദ്ധതി SO66/13 | 23500 | -ടി- | -ടി- |
| 4 | ചാക്കമാർ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO98/14 | 50000 | 2013-14 | -ടി- |
| 5 | കാവുംപുറത്ത് - തെക്കേക്കര കോളനി | 303000 | -ടി- | -ടി- |

| | | | | |
|---|---|---|---|---|
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO159/14 | | | |
| 6 | കാവുംമുക്ക് - പുലിപ്പാറത്തടം സെറ്റിൽമെന്റ് കോളനി മിനി വാട്ടർ സ്കീം<br><br>SO152/14 | 400000 | -ടി- | -ടി- |
| 7 | കൊക്കാവള്ളി കോളനിയിൽ കുഴൽക്കിണർ നിർമ്മാണം<br><br>SO153/14 | 34230 | -ടി- | ഭൂജല അതോറിറ്റി |
| 8 | കൊല്ലമേത്ത് പ്ലാച്ചേരി ഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO24/15 | 110000 | 2014-15 | കേരള വാട്ടർ അതോറിറ്റി |
| 9 | ശ്രാമഠത്തിൽപ്പടി മുതൽ കാമ്പുപ്പാറ വരെ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ SO152/15 | 43873 | -ടി- | കെ.എസ്.ഇ.ബി |
| 10 | പ്ലാങ്കമൺ പേരൂർച്ചാൽ റോഡിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ SO8/16 | 47150 | 2015-16 | -ടി- |
| 11 | മുക്കുഴി പൂവൻമല റോഡിൽ വാസുപ്പടി മുതൽ മുക്കുഴി വരെ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ SO9/16 | 50000 | -ടി- | -ടി- |
| 12 | പ്ലാച്ചേരി പന്നികുന്നിൽ റോഡിൽ പ്ലാച്ചേരി ഐ.പി.സി പടി മുതൽ കോളാകോട്ട് പടി വരെ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ SO112/16 | 50000 | -ടി- | -ടി- |
| 13 | കൊക്കാവള്ളി കോളനി മിനി വാട്ടർ സ്കീം SO198/16 | 370000 | -ടി- | കേരള വാട്ടർ അതോറിറ്റി |
| 14 | കാവുമുക്ക് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷനും വാട്ടർ കണക്ഷനും SO99/17 | 300000 | 2016-17 | -ടി- |
| 15 | വാർഡ് 16 ലെ വിവിധ ഭാഗങ്ങളിലും വാർഡ് 14 ലെ കണ്ണങ്കരേത്ത് മുണ്ടപ്പാക്കൽ ഭാഗത്തും സ്ട്രീറ്റ് ലൈൻ SO124/17 | 287400 | -ടി- | കെ.എസ്.ഇ.ബി |
| 16 | വാർഡ് 16 ലെ തടത്തേമുക്ക് വട്ടപ്പാറ റോഡിലും പുത്തേഴം സൊറ്റെസെറ്റിപ്പടിയിലും സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO190/17 | 42000 | -ടി- | -ടി- |
| 17 | വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO204/17 | 207471 | -ടി- | -ടി- |
| 18 | 14 -ാം വാർഡിൽ മുണ്ടപ്പാക്കൽ ചട്ടോലി ഭാഗത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO217/17 | 90000 | -ടി- | കേരള വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| 19 | മുളവേലിക്കുഴി ചട്ടോലിൽ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷനും വാട്ടർ കണക്ഷനും SO66/18 | 350000 | 2017-18 | -ടി- |
| 20 | മുളവേലിക്കുഴി ചട്ടോലിൽ കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ SO74/18 | 16800 | -ടി- | കെ.എസ്.ഇ.ബി |
| 21 | വിവിധ ഭാഗങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് വേണ്ടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 120910 | -ടി- | -ടി- |
| 22 | കടയാർ സെറ്റിൽമെന്റ് കോളനി എസ്.സി കുടുംബങ്ങൾക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷനും വാട്ടർ കണക്ഷനും SO210/18 | 720000 | -ടി- | കേരള വാട്ടർ അതോറിറ്റി |
| 23 | വിവിധ ഭാഗങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് വേണ്ടി സ്ട്രീറ്റ് ലൈൻ SO18/19 | 581999 | 2018-19 | കെ.എസ്.ഇ.ബി |
| 24 | വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ SO19/19 | 114000 | -ടി- | കേരള വാട്ടർ അതോറിറ്റി |
| 25 | മുളവേലിക്കൽ ഭാഗത്ത് പൈപ്പ് ലൈനും പൊതുടാപ്പും | 50000 | -ടി- | -ടി- |

മേൽസൂചിപ്പിച്ച ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം നിലവിലില്ല. ടി പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ വിനിയോഗ സാക്ഷ്യപത്രവും ഫൈനൽ ബില്ലിന്റെ പകർപ്പും നിർവ്വഹണ ഏജൻസികളിൽ നിന്ന് നാളിതുവരെ വാങ്ങിയിട്ടില്ല. ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് ചെലവഴിച്ചശേഷം ബാക്കി അവശേഷിക്കുന്ന തുക തിരികെ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വേണ്ടി ലക്ഷങ്ങൾ ചെലവഴിച്ചശേഷം അവയുടെ പൂർത്തീകരണം ഉറപ്പാക്കുന്നതിന് നടപടികൾ ഒന്നും സ്വീകരിക്കാതെ തുടരുന്നത് അഭിലഷണീയമല്ല. ഇതിനായി ഒരു മോണിട്ടറിംഗ് സംവിധാനം രൂപീകരിച്ച് പദ്ധതികൾ ഫലപ്രാപ്തിയിലെത്തിക്കേണ്ടതും പൂർത്തീകരിച്ച പ്രവൃത്തികൾക്ക് ചെലവഴിച്ചശേഷം അവശേഷിക്കുന്ന തുക നിർവ്വഹണ ഏജൻസിയിൽ നിന്ന് തിരികെവാങ്ങി സഞ്ചിത നിധിയിൽ തിരികെ ഒടുക്കേണ്ടതുമാണ്. കൂടാതെ ഇത് സംബന്ധിച്ച് അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമാക്കേണ്ടതുമാണ്.

## 1-21 തെരുവുവിളക്കുകളുടെ മെയിന്റനൻസ് - സുതാര്യത വർദ്ധിപ്പിക്കുന്നതിന് നടപടികൾ അനിവാര്യം

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ SO4/19, SO9/19 എന്നീ പദ്ധതികൾ പ്രകാരം ഓപ്പൺ ടെൻഡർ മുഖേന ഹന്ന ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങിയിരുന്നു. വാങ്ങലുമായി ബന്ധപ്പെട്ട ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്, അടങ്കൽ | വാങ്ങിയ തെരുവുവിളക്കുകളുടെ വിവരം | ചെലവഴിച്ച തുക (രൂപ) | സപ്ലൈ ചെയ്ത സ്ഥാപനം | ട്രഷറി ബിൽ നമ്പർ/ ചെക്ക് നമ്പർ / തീയതി |
|---|---|---|---|---|
| തെരുവുവിളക്കുകളുടെ പരിപാലനം SO4/19<br>1085000 | (എ)) LED Bulb Gloster 12 W – 2610 എണ്ണം<br>36 W Tube Crompton – 300 എണ്ണം<br>(അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ - 29.12.18 ലെ ബിൽ)<br>(ബി) LED Bulb Gloster 12 W – 890എണ്ണം, Electronic choke 200 എണ്ണം<br>(16.1.19 ലെ ബിൽ) | 703090 | ഹന്ന ഇലക്ട്രിക്കൽസ്, ചങ്ങനാശ്ശേരി | 4/19 തീയതി 24.1.2019 |
| ശബരിമല തീർത്ഥാടനം SO9/19<br>556500 | 40 W Tube Crompton – 300 എണ്ണം<br>LED 17 W Bulb Philips - 250 എണ്ണം<br>(അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) | 140513 | -ടി- | ടി.എസ്.ബി ചെക്ക് നമ്പർ 2286771 / 22.11.18 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന അപാകതകളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1. ഓരോ വാർഡിലും ഏതൊക്കെ ഇലക്ട്രിക് പോസ്റ്റുകളിലാണ് തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം ഉൾപ്പെടുത്തി(ഇലക്ട്രിക് പോസ്റ്റ് നമ്പർ,സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കിന്റെ തരം) രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള എല്ലാ പോസ്റ്റുകളിലും കെ.എസ്.ഇ.ബി മുഖേന പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ പ്ലേറ്റുകൾ പതിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ല. പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ പ്ലേറ്റുകൾ പതിപ്പിച്ച ശേഷം ഓരോ വാർഡിലേയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സംയുക്തമായി ഇത് സംബന്ധിച്ച സർവ്വേ റിപ്പോർട്ട് തയ്യാറാക്കി രജിസ്റ്റർ കൃത്യമാക്കുന്നതിന് ഭരണതലത്തിലുള്ള നടപടിയ്ക്ക് ശുപാർശ ചെയ്യുന്നു.
2. മെയിന്റനൻസിന് മുമ്പ് ഓരോ വാർഡിലും കേടായ തെരുവു വിളക്കുകളുടെ വിവരം (ഇലക്ട്രിക് പോസ്റ്റ് നമ്പർ,കേടായ വിളക്കിന്റെ വിവരം) കെ.എസ്.ഇ.ബി-യിലെ അസ്സി.എഞ്ചിനീയറിൽ നിന്നും വാങ്ങിയിട്ടില്ല. ആവശ്യകത നിർണ്ണയിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.
3. മെയിന്റൻസിന് ശേഷം വിവിധ വാർഡുകളിൽ കേടായ തെരുവ് വിളക്കുകൾ നന്നാക്കിയതിന്റെ വിശദമായ റിപ്പോർട്ട് കെ.എസ്.ഇ.ബി-യിലെ അസ്സി.എഞ്ചിനീയറിൽ നിന്നും വാങ്ങിയിട്ടില്ല. കരാറുകാരൻ കൈപ്പറ്റിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമാണ് ഫയലിൽ ഉള്ളത്.
4. ഏതൊക്കെ ഇലക്ട്രിക് പോസ്റ്റുകളിലാണ് മെയിന്റനൻസ് നടത്തിയത് എന്ന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിലും സൂചിപ്പിച്ചിട്ടില്ല. (എത്ര വിളക്കുകൾ നന്നാക്കി എന്ന വിവരം മാത്രമാണ് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളത്.)

പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനും മേൽസൂചിപ്പിച്ച ശുപാർശകൾ വിശകലനം ചെയ്ത് ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 അങ്കണവാടിക്കെട്ടിടങ്ങളുടെ വാടക നൽകുന്നില്ല

സ്വന്തമായി കെട്ടിടമില്ലാത്ത 14 അങ്കണവാടികളാണ് ഗ്രാമപ്പഞ്ചായത്തിൽ ഉള്ളത്. ഇവയ്ക്ക് ഗ്രാമപ്പഞ്ചായത്തിൽനിന്ന് വാടക നൽകുന്നില്ല. വാടക കൊടുക്കുന്നതിനായി കേന്ദ്രസർക്കാർ പ്രതിമാസം നൽകുന്ന 750 രൂപയേക്കാൾ അധികമാണ് യഥാർത്ഥത്തിൽ വേണ്ടിവരുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| അങ്കണവാടി നമ്പർ | പ്രതിമാസ വാടക | ഒരുവർഷത്തെ ചെലവ് | കേന്ദ്രഫണ്ട് നൽകിയത് | ഗ്രാമപ്പഞ്ചായത്തിൽനിന്നും ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 60 | 1000 | 12000 | 9000 | 3000 |
| 61 | 1500 | 18000 | 9000 | 9000 |
| 64 | 1000 | 12000 | 9000 | 3000 |
| 65 | 1000 | 12000 | 9000 | 3000 |
| 73 | 1000 | 12000 | 9000 | 3000 |
| 74 | 1100 | 13200 | 9000 | 4200 |
| 75 | 1000 | 12000 | 9000 | 3000 |
| 76 | 1000 | 12000 | 9000 | 3000 |
| 77 | 1000 | 12000 | 9000 | 3000 |
| 79 | 1200 | 14400 | 9000 | 5400 |
| 80 | 1000 | 12000 | 9000 | 3000 |

അധികമായി വേണ്ടിവരുന്ന തുക അങ്കണവാടി വർക്കർമാർ നൽകിവരുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. പ്രസ്തുത അങ്കണവാടികളുടെ വാടക PWD മുഖേനയാണ് നിശ്ചയിച്ചിട്ടുള്ളത്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടകയിനത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം അതത് തദ്ദേശഭരണ സ്ഥാപനം വഹിക്കേണ്ടതാണെന്ന് 22.03.2011ലെ സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതു പ്രകാരം വാടക നൽകാൻ നാളിതുവരെ ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ടി സർക്കുലറിലെ നിർദ്ദേശം പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-23 അഗതി രഹിത കേരളം പദ്ധതി -അവലോകനം

ഗ്രാമപഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതിയ്ക്ക് 17.01.2019 ലെ കെ5/എൽ/13100/2018 നമ്പരായി അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ ടി പദ്ധതിയിൽ 85 ഗുണഭോക്താക്കളാണുള്ളത്. ഇതിൽ ഭവനരഹിതരായ 2 പേരും ജീർണ്ണിച്ച വീടുള്ള 4 പേരും ഉൾപ്പെടുന്നു. ഭൂരഹിതരാരും തന്നെ ഇല്ല എന്ന് ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.10/23.11.2019) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2 പേരുടെ ലിസ്റ്റ് ജില്ലാ മിഷനിൽ സമർപ്പിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

അഗതിരഹിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സേവനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഭവനപുനരുദ്ധാരണം | 85 |
| ചികിത്സ | 85 |
| വിദ്യാഭ്യാസം | 15 |
| കുടിവെള്ളം | 21 |
| കക്കൂസ് | 6 |
| വയറിംഗ് | 2 |

2018-19 ൽ ഭക്ഷണവിതരണം മാത്രമാണ് നടന്നിട്ടുള്ളത്. 31.03.2019 ൽ 2257859.91 രൂപ അക്കൗണ്ടിൽ ബാക്കി നിൽക്കുന്നുണ്ട്. 2018 ലെ പ്രളയം കാരണമാണ് പദ്ധതി നിർവ്വഹണത്തിൽ താമസമുണ്ടായതെന്നും അടിയന്തിരമായി ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.
പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി IT ഉപകരണങ്ങളുടെ വാങ്ങൽ നടത്തി

ഗവ.എൽ.പി.എസ്.,കാഞ്ഞേറ്റുക്കര, ഗവ.മോഡൽ എൽ.പി.എസ്., തടിയൂർ എന്നീ സ്കൂളുകളിലെ ക്ലാസ്സ്റൂമുകൾ സ്മാർട്ട് ക്ലാസ്സ് റും ആക്കുന്നതിനായി ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ്.,അയിരൂർ നിർവ്വഹണ ഉദ്യോഗസ്ഥയായി വികസനഫണ്ടിൽ നിന്നും 683000രൂപയും തനത്ഫണ്ടിൽ നിന്ന് 10580രൂപയും ഉൾപ്പെടെ 693580രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. K.M Technologies എന്ന സ്ഥാപനത്തിൽ നിന്നും സ്മാർട്ട് ക്ലാസ്സ് റും സ്ഥാപിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ 434800(ബിൽനം-11/26.3.19)രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ വാങ്ങൽ നടത്തിയില്ല</u>**

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കംമ്പ്യൂട്ടർ, ലാപ്പ്ടോപ്പ്, എെ.ടി അനുബന്ധ ഉപകരണങ്ങൾ ഓൺലൈൻ സർക്കാർ പോർട്ടൽ സംവിധാനത്തിലൂടെ വാങ്ങുന്നതിന് കേന്ദ്രീകൃത പർച്ചെയ്സ് സംവിധാനം 18.11.2017-ലെ സ.ഉ(എം.എസ്) നം-24/2017/ITD ഉത്തരവിലൂടെ രൂപീകരിക്കുകയുണ്ടായി. സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഉപകരണങ്ങൾ എെ.ടി മിഷന്റെ ടെക്നിക്കൽ കമ്മറ്റിയുടെ അംഗീകാരത്തോടെ പ്രത്യേക ടെൻഡർ നടത്തി വാങ്ങേണ്ടതുമാണ്. എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ വർഷങ്ങളിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് നിർവ്വഹണഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

## 1-25 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.11/23.11.2019-ന്റെ മറുപടിയായി ഐസിഡിഎസ് സൂപ്പർവൈസർ ലഭ്യമാക്കിയത്).

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 25 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 14 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 25 |
| ചുറ്റുമതിൽ ഉള്ളവ | 8 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 19 |
| കുടിവെള്ളം ലഭ്യമായവ | 19 |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്. 12-ാം

പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. [സ.ഉ(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ, തീയതി.16.11.2013-അനുബന്ധം-1, ഖ-9-1] എന്നാൽ പഞ്ചായത്തിൽ ഇത് സംബന്ധിച്ച പരിഹാരനടപടികൾ കാര്യക്ഷമമല്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

## 1-26 മാലിന്യ നിർമ്മാർജ്ജനം- യൂസർ ഫീ കളക്ഷൻ പൂർണ്ണമല്ല

വാർഡ്തലത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കാൻ 21.10.2017-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. ഇതുപ്രകാരം യൂസർ ഫീയായി വീടുകളിൽ നിന്നും 60/- രൂപയും കടകൾ/സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയും ഈടാക്കാനാണ് തീരുമാനിച്ചത്. കുടുംബശ്രീ നിർദ്ദേശിച്ച 32 പേരടങ്ങുന്ന ഹരിതകർമ്മസേന 16 വാർഡുകളിൽ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന് സ്വന്തമായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) സംവിധാനം ഇല്ലാത്തതിനാൽ നിലവിൽ തേക്കുങ്കൽ മൃഗാശുപത്രിയിലാണ് പ്രവർത്തിക്കുന്നത്. ഹരിതസഹായ സ്ഥാപനവുമായി കരാറിലേർപ്പെട്ടത് 2019 ജൂണിലാണ്.

യൂസർ ഫീ കളക്ഷൻ സംബന്ധിച്ച രസീതുകൾ പരിശോധിച്ചതിൽ പല വീടുകളിൽ നിന്നും തുക പിരിക്കുന്നില്ല. ഓരോ വാർഡുകളിലെയും പകുതിയിലധികം ഗുണഭോക്താക്കളിൽ നിന്നും ഫീസ് ലഭിക്കുന്നില്ല. ഇത് ഹരിതകർമ്മസേനയുടെ സാമ്പത്തിക ഭദ്രതയെ ബാധിക്കുന്നുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ ഇടപെടൽ ഈ വിഷയത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 13.06.2018 | കെ.എസ്.എ.പി.റ്റി.എ-പി1/602(13)/ 08.07.2019 |

4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 1802840 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി | 1802840 | ഇല്ല |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | ഇല്ല |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 300000 | പാലിയേറ്റീവ് കെയർ | 300000 | ഇല്ല |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 797025 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി | 797025 | ഇല്ല |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | അംഗൻവാടി പോഷകാഹാര പരിപാടി | 200000 | ഇല്ല |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | ഇല്ല |

| | | | | |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1000000 | അംഗൻവാടിയ്ക്ക് കെട്ടിടം നിർമ്മാണം | ഇല്ല | 1000000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 300000 | പാലിന് സബ്സിഡി | 300000 | ഇല്ല |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21800727/20.10.18 | 581999 | - | 581999 |
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 114000/- രൂപ 21801142/ 23.03.19<br>50000/- രൂപ 21801132/23.03.19 | 164000 | | 164000 |
| ഭൂജല വകുപ്പ് | തൊണ്ടുവേലിൽ കുഴൽക്കിണർ നിർമ്മാണം | 60666/- രൂപ 21800750/23.11.18<br>5334/- രൂപ 21800815/23.01.19<br>2129/- രൂപ 21800671/31.01.19 | 68129 | | 68129 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS Loan | | 9012600 | 901270 | 901270 | | ഇല്ല |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 120927 |
| തൻവർഷം നിക്ഷേപിച്ച തുക | 9976 (പലിശ) |
| ആകെ | 130903 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 130903 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് | 23.11.2010 | 23.11.2020 | 141375 | --- |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 3-1 | 10000 | ശ്രീമതി. രാജവല്ലി എൻ. എസ്. അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി | 118040102319/01.11.18 |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 70173903 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56105972 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1994-95 &1995-96 | എൽ.എഫ്.പി.റ്റി.എ.പി3-258/98 തീയതി 13.07.00 | 5 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-258/98 തീയതി 30.09.00 | 2 |
| 1997-98(വരവ്) | എൽ.എഫ്.പി.റ്റി.എ.പി5-822/07 തീയതി 13.05.08 | 2 |
| 1997-98(ജ.ആ) | എൽ.എഫ്.പി.റ്റി.എ.പി3-275/99 തീയതി 13.03.00 | 7 |
| 1997-98(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-523/98 തീയതി 06.02.99 | 3 |
| 1998-99(വരവ്) | എൽ.എഫ്.പി.റ്റി.എ.പി5-823/07 തീയതി 13.05.08 | 1 |
| 1998-99(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-179/00 തീയതി 13.04.00 | 12 |
| 1999-00(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-883/01 തീയതി 15.11.02 | |
| 1999-00(ഫൈനൽ) | എൽ.എഫ്.പി.റ്റി.എ.പി7-550(A)/09 തീയതി 04.12.09 | |
| 2000-01(വരവ്) | എൽ.എഫ്.പി.റ്റി.എ.പി3-258/98 തീയതി 13.07.00 | |
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-23/06 തീയതി 12.05.06 | 5 |
| 2000-01(ജ.ആ) | എൽ.എഫ്.പി.റ്റി.എ.പി3-88/04 തീയതി 03.01.04 | 3 |
| 2002-03(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി5-704/06 തീയതി 07.02.07/10.05.07 | 15 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി7-553/09 തീയതി 27.02.10/01.03.11 | 16 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി7-554/09 തീയതി 27.02.10/01.03.11 | 15 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി7-555/09 തീയതി 27.02.10/03.03.11 | 8 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി7-556/09 തീയതി 27.02.10/13.08.11 | 4 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി7-557/09 തീയതി 27.02.10/03.03.11 | 10 |

| | | |
|---|---|---|
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി8-1153/14 തീയതി 22.12.14 | 4 |
| 2013-14 &2014-15 | കെ.എസ്.എ പി.റ്റി.എ-പി8/876/15 തീയതി 13-10-15/15-10-15 | 5 |
| 2015-16 | കെ.എസ്.എ പി.റ്റി.എ-പി8/1196/16 തീയതി 05-11-16 | 3 |
| 2016-17 | കെ.എസ്.എ പി.റ്റി.എ-പി8/832/2017 തീയതി 17.07.17 | 21 |
| 2017-18 | കെ.എസ്.എ പി.റ്റി.എ-പി8/100/2019 തീയതി 01.03.2019 | 9 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം -1
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി8/1010/2019 തീയതി : 10/12/2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **അയിരൂർ** ഗ്രാമ പഞ്ചായത്തിന്റെ **2018-19**വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-11-ലെ പരാമർശം ഒഴികെ എന്റെ അഭിപ്രായത്തിൽ **അയിരൂർ** ഗ്രാമപഞ്ചായത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

## Annexure -1
## Audit Certificate

No.K.S.A.P.T.A.P8/1010/2019 Date: 10/12/2019

Certified that I have examined the Annual Financial Statement of **Ayiroor Grama Panchayat** in Pathanamthitta district for the year ended on **31.03.2019** in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Ayiroor Grama Panchayat** for the year **2018-19** except the obeservations in para 1-11 of my report, properly presents the picture of income and expenditure.

**Deputy Director**

**Kerala State Audit Department**

**Pathanamthitta**